**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **14-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി പുനഃസംഘടിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിലെ പുന:സംഘടനയുമായി ബന്ധപ്പെട്ട റീ-സ്ട്രക്ച്ചറിങ് പ്രൊപ്പോസൽ വേർഷൻ-2, സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ പുനർവിന്യാസത്തിലും ഓഫീസുകളുടെ പ്രവർത്തനരീതിയിലും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങളിൽ സ്ഥാപനത്തിലെ തൊഴിലാളി – ഓഫീസർ സംഘടനകൾ ആക്ഷേപം ഉന്നയിക്കുകയും, നിർദേശങ്ങളുടെ ഉള്ളടക്കം സംബന്ധിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡ്, സംഘടനകളുമായി തുടർച്ചയായ ചർച്ചകൾ നടത്തുകയുമുണ്ടായി. തുടർന്ന്, ചർച്ചകളിൽ സംഘടനകൾ ആവശ്യപ്പെട്ടിരുന്നതും മറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ളതുമായ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ഡയറക്ടർ ബോർഡ് യോഗം പരിശോധിച്ചിരുന്നുവെങ്കിലും അംഗീകാരം നൽകിയിരുന്നില്ല. തുടർന്ന് ഓരോ ഫംഗ്ഷണൽ ഡയറക്ടർമാരും അവരുടെ വിഭാഗത്തിന് കീഴിലുള്ള ജീവനക്കാരുടെ കണക്കുകൾ വസ്തുനിഷ്ഠമായി വിലയിരുത്തുവാനും അധിക ജീവനക്കാർ, അവരുടെ പുനർവിന്യാസം, പ്രത്യേക മേഖലയിലെ ജോലിയുടെ ആവശ്യകത, സ്ഥാപനത്തിന് വരുമാനം ഉണ്ടാക്കുന്നതും വർദ്ധിപ്പിക്കുന്നതുമായ മറ്റ് നിർദ്ദേശങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എത്രയും വേഗം സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാന പ്രകാരമുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | പുനഃസംഘടന നടപടികൾക്ക് എപ്പോൾ തുടക്കമിട്ടെന്നും എപ്പോൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുവെന്നും അറിയിക്കാമോ; | (ബി) | 2016-ൽ കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് പുന:സംഘടന നടപടികൾക്ക് തുടക്കമിട്ടത്. റീ-സ്ട്രക്ച്ചറിങ് പ്രൊപ്പോസൽ വേർഷൻ-2, സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഈ വിഷയത്തിലുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും കണക്കിലെടുത്ത് ആയവ കൂടി ഉൾച്ചേർത്ത് റീ-സ്ട്രക്ച്ചറിങ് പ്രൊപ്പോസലിന്റെ അന്തിമമായ വേർഷന് രൂപം നൽകുന്നതാണ്. |
| (സി) | പുനഃസംഘടന നടപടികൾ മൂലം കെ. എസ്. ഇ. ബി. യിലെ ഒട്ടേറെ തസ്തികകൾ നികത്താതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉപഭോക്താക്കൾക്ക് ഏറ്റവും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത കാലഘട്ടത്തിനനുസരിച്ചുള്ള പുന:സംഘടന നടത്തേണ്ടത് ആവശ്യമായിരിക്കുകയാണ്. പുന:സംഘടന പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | ഉണ്ടെങ്കിൽ ഈ തസ്തികകൾ നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഉപഭോക്താക്കൾക്ക് ഏറ്റവും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത കാലഘട്ടത്തിനനുസരിച്ചുള്ള പുന:സംഘടന നടത്തേണ്ടത് ആവശ്യമായിരിക്കുകയാണ്. പുന:സംഘടന പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ